**മൂപ്പന്മാരുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും**

**അന്തർദേശീയ പരിശീലനം**

മാർച്ച് 2026

പൊതുവിഷയം:

**വചനത്തിന്റെ ശുശ്രൂഷയും**

**ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പകർച്ചയും**

ദൂത് രണ്ട്

# നിരപ്പിന്റെ ശുശ്രൂഷ

MC *Hymns*: ML128

തിരുവെഴുത്ത് വായന: റോമ. 5:10; കൊലൊ. 1:20; 2 കൊരി. 5:18-20

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

കൊലൊ. 1:20 ഭൂമിയിലുള്ളതാകട്ടെ സ്വർഗത്തിലുള്ളതാകട്ടെ അവനിലൂടെ—അവന്റെ ക്രൂശിലെ രക്തം മുഖാന്തരം സമാധാനം ഉണ്ടാക്കിയിട്ട്, സകലവും അവനിലൂടെ അവനോടുതന്നെ നിരപ്പിക്കുവാനും പ്രസാദം തോന്നി.

2 കൊരി. 5:18 എന്നാൽ സകലവും ദൈവത്തിൽനിന്നാകുന്നു, അവൻ ക്രിസ്തുവിലൂടെ നമ്മെ തന്നോടുതന്നെ നിരപ്പിച്ചിട്ട് നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് നൽകിയിരിക്കുന്നു.

2 കൊരി. 5:19 അതായത്, ദൈവം ലോകത്തെ, അവരുടെ അതിക്രമങ്ങളെ അവർക്ക് കണക്കിടാതെ, ക്രിസ്തുവിൽ തന്നോടുതന്നെ നിരപ്പിക്കുകയും, ഞങ്ങളിൽ നിരപ്പിന്റെ വചനം വയ്ക്കുകയും ചെയ്തിരിക്കുന്നു.

2 കൊരി. 5:20 അങ്ങനെ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികൾ ആകുന്നു, ഞങ്ങൾ മുഖാന്തരം ദൈവം നിങ്ങളോട് അപേക്ഷിക്കുന്നതുപോലെ, ദൈവത്തോട് നിരന്നുകൊള്ളുവിൻ എന്ന് ക്രിസ്തുവിനു പകരം ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു.

**I. നിരപ്പിനെക്കുറിച്ച് ഒരു അടിസ്ഥാന ഗ്രാഹ്യം നമുക്കുണ്ടായിരിക്കുന്നത് നമുക്ക് സഹായകരമാണ്:**

A. നിരപ്പിന്റെ ആവശ്യം—ശത്രുത്വം, ശത്രുക്കൾ—റോമ. 5:10; കൊലൊ. 1:21.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

കൊലൊ. 1:21 നിങ്ങളോ, ഒരിക്കൽ നിങ്ങളുടെ ദുഷ്പ്രവൃത്തികൾ നിമിത്തം നിങ്ങളുടെ മനസ്സിൽ അകന്നവരും ശത്രുക്കളും ആയിരുന്നു എങ്കിലും,

B. നിരപ്പിന്റെ അർഥം—സമാധാനം ഉണ്ടാക്കുക—വാ. 20; 2 കൊരി. 5:18.

കൊലൊ. 1:20 ഭൂമിയിലുള്ളതാകട്ടെ സ്വർഗത്തിലുള്ളതാകട്ടെ അവനിലൂടെ—അവന്റെ ക്രൂശിലെ രക്തം മുഖാന്തരം സമാധാനം ഉണ്ടാക്കിയിട്ട്, സകലവും അവനിലൂടെ അവനോടുതന്നെ

നിരപ്പിക്കുവാനും പ്രസാദം തോന്നി.

2 കൊരി. 5:18 എന്നാൽ സകലവും ദൈവത്തിൽനിന്നാകുന്നു, അവൻ ക്രിസ്തുവിലൂടെ നമ്മെ തന്നോടുതന്നെ നിരപ്പിച്ചിട്ട് നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് നൽകിയിരിക്കുന്നു.

C. നിരപ്പിന്റെ ഉപകരണം—ക്രിസ്തു—കൊലൊ. 1:20; 2 കൊരി. 5:18.

കൊലൊ. 1:20 ഭൂമിയിലുള്ളതാകട്ടെ സ്വർഗത്തിലുള്ളതാകട്ടെ അവനിലൂടെ—അവന്റെ ക്രൂശിലെ രക്തം മുഖാന്തരം സമാധാനം ഉണ്ടാക്കിയിട്ട്, സകലവും അവനിലൂടെ അവനോടുതന്നെ നിരപ്പിക്കുവാനും പ്രസാദം തോന്നി.

2 കൊരി. 5:18 എന്നാൽ സകലവും ദൈവത്തിൽനിന്നാകുന്നു, അവൻ ക്രിസ്തുവിലൂടെ നമ്മെ തന്നോടുതന്നെ നിരപ്പിച്ചിട്ട് നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് നൽകിയിരിക്കുന്നു.

D. നിരപ്പിന്റെ മുഖാന്തരം—ക്രൂശ്—കൊലൊ. 1:20; എഫെ. 2:16.

കൊലൊ. 1:20 ഭൂമിയിലുള്ളതാകട്ടെ സ്വർഗത്തിലുള്ളതാകട്ടെ അവനിലൂടെ—അവന്റെ ക്രൂശിലെ രക്തം മുഖാന്തരം സമാധാനം ഉണ്ടാക്കിയിട്ട്, സകലവും അവനിലൂടെ അവനോടുതന്നെ നിരപ്പിക്കുവാനും പ്രസാദം തോന്നി.

എഫെ. 2:16 ക്രൂശിനാൽ ശത്രുത്വത്തെ ഇല്ലാതാക്കിയിട്ട്, അതിലൂടെ ഇരുകൂട്ടരെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിക്കേണ്ടതിനും ആകുന്നു.

E. നിരപ്പിന്റെ വ്യാപ്തി—സ്വർഗത്തിലും ഭൂമിയിലുമുള്ളതെല്ലാം—കൊലൊ. 1:20.

കൊലൊ. 1:20 ഭൂമിയിലുള്ളതാകട്ടെ സ്വർഗത്തിലുള്ളതാകട്ടെ അവനിലൂടെ—അവന്റെ ക്രൂശിലെ രക്തം മുഖാന്തരം സമാധാനം ഉണ്ടാക്കിയിട്ട്, സകലവും അവനിലൂടെ അവനോടുതന്നെ നിരപ്പിക്കുവാനും പ്രസാദം തോന്നി.

F. നിരപ്പിന്റെ മണ്ഡലം—ഏകശരീരത്തിൽ—എഫെ. 2:16.

എഫെ. 2:16 ക്രൂശിനാൽ ശത്രുത്വത്തെ ഇല്ലാതാക്കിയിട്ട്, അതിലൂടെ ഇരുകൂട്ടരെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിക്കേണ്ടതിനും ആകുന്നു.

G. നിരപ്പിന്റെ വസ്തുത—നൈതിക വീണ്ടെടുപ്പിനെയും വിശ്വാസത്താലുള്ള നീതീകരണത്തെയും അടിസ്ഥാനമാക്കി ദൈവമുമ്പാകെയുള്ള നമ്മുടെ സ്ഥാനം—റോമ. 5:10.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

H. നിരപ്പിന്റെ അനുഭവം—ഏകാത്മാവിൽ പിതാവിങ്കലേക്കുള്ള പ്രവേശനം ഉണ്ടായിരിക്കുന്നത്—എഫെ. 2:18.

എഫെ. 2:18 അവനിലൂടെ നമുക്ക് ഇരുകൂട്ടർക്കും ഏകാത്മാവിൽ പിതാവിങ്കലേക്ക് പ്രവേശനമുണ്ട്.

**II. ക്രിസ്തുവിന്റെ സ്ഥാനപതികളെന്ന നിലയിൽ, പുതിയ ഉടമ്പടിയുടെ ശുശ്രൂഷകർ നിരപ്പിന്റെ ശുശ്രൂഷ നിർവഹിക്കുന്നു—2 കൊരി. 5:18-20; 6:1:**

2 കൊരി. 5:18 എന്നാൽ സകലവും ദൈവത്തിൽനിന്നാകുന്നു, അവൻ

ക്രിസ്തുവിലൂടെ നമ്മെ തന്നോടുതന്നെ നിരപ്പിച്ചിട്ട് നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് നൽകിയിരിക്കുന്നു.

2 കൊരി. 5:19 അതായത്, ദൈവം ലോകത്തെ, അവരുടെ അതിക്രമങ്ങളെ അവർക്ക് കണക്കിടാതെ, ക്രിസ്തുവിൽ തന്നോടുതന്നെ നിരപ്പിക്കുകയും, ഞങ്ങളിൽ നിരപ്പിന്റെ വചനം വയ്ക്കുകയും ചെയ്തിരിക്കുന്നു.

2 കൊരി. 5:20 അങ്ങനെ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികൾ ആകുന്നു, ഞങ്ങൾ മുഖാന്തരം ദൈവം നിങ്ങളോട് അപേക്ഷിക്കുന്നതുപോലെ, ദൈവത്തോട് നിരന്നുകൊള്ളുവിൻ എന്ന് ക്രിസ്തുവിനു പകരം ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു.

2 കൊരി. 6:1 അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്, ദൈവത്തിന്റെ കൃപ വ്യർഥമായി പ്രാപിക്കരുതെന്ന് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു;

A. ക്രിസ്തുവിന്റെ ഒരു സ്ഥാനപതി പ്രപഞ്ചത്തിലെ ഏറ്റവും ഉയർന്ന അധികാരിയായ ദൈവത്തെ പ്രതിനിധീകരിക്കുന്നവനാണ്.

B. നിരപ്പിന്റെ വേല ചെയ്യുന്നതിന് തന്നെ പ്രതിനിധീകരിക്കുവാൻ ക്രിസ്തു അപ്പൊസ്തലന്മാരെ അധികാരപ്പെടുത്തി—5:18, 20.

2 കൊരി. 5:18 എന്നാൽ സകലവും ദൈവത്തിൽനിന്നാകുന്നു, അവൻ ക്രിസ്തുവിലൂടെ നമ്മെ തന്നോടുതന്നെ നിരപ്പിച്ചിട്ട് നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് നൽകിയിരിക്കുന്നു.

2 കൊരി. 5:20 അങ്ങനെ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികൾ ആകുന്നു, ഞങ്ങൾ മുഖാന്തരം ദൈവം നിങ്ങളോട് അപേക്ഷിക്കുന്നതുപോലെ, ദൈവത്തോട് നിരന്നുകൊള്ളുവിൻ എന്ന് ക്രിസ്തുവിനു പകരം ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു.

C. നിരപ്പിന്റെ ശുശ്രൂഷ പാപികളെ ദൈവത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതു മാത്രമല്ല, വിശ്വാസികളെ ദൈവത്തിലേക്ക് പൂർണ്ണമായി കൊണ്ടുവരികയും അവരെ അവനോട് പൂർണ്ണമായി ഒന്നാക്കുകയും ചെയ്യുന്നതാണ്.

D. മനുഷ്യർ ദൈവത്തോട് പൂർണ്ണമായി നിരപ്പിക്കപ്പെടുന്നതിന് രണ്ട് പടികൾ ആവശ്യമാണ്:

1. ഒന്നാമത്തെ പടി പാപികളെ പാപത്തിൽനിന്നും ദൈവത്തിലേക്ക് നിരപ്പിക്കുന്നതാണ്—വാ. 19:

2 കൊരി. 5:19 അതായത്, ദൈവം ലോകത്തെ, അവരുടെ അതിക്രമങ്ങളെ അവർക്ക് കണക്കിടാതെ, ക്രിസ്തുവിൽ തന്നോടുതന്നെ നിരപ്പിക്കുകയും, ഞങ്ങളിൽ നിരപ്പിന്റെ വചനം വയ്ക്കുകയും ചെയ്തിരിക്കുന്നു.

a. ഈ ഉദ്ദേശ്യത്തിനായി, നാം ക്ഷമപ്രാപിക്കേണ്ടതിന് ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു—1 കൊരി. 15:3.

1 കൊരി. 15:3 തിരുവെഴുത്തുകൾപ്രകാരം ക്രിസ്തു നമ്മുടെ പാപങ്ങൾക്കായി മരിച്ചു എന്നും,

b. ദൈവം നമ്മുടെ പാപങ്ങളെ ന്യായംവിധിക്കേണ്ടതിന് ക്രിസ്തു അവയെ ക്രൂശിൽ വഹിച്ചു—1 പത്രൊ. 2:24.

1 പത്രൊ. 2:24 നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു

ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.

2. രണ്ടാമത്തെ പടി സ്വാഭാവിക ജീവനിൽ ജീവിക്കുന്ന വിശ്വാസികളെ ജഡത്തിൽനിന്ന് ദൈവത്തിലേക്ക് നിരപ്പിക്കുക എന്നതാണ്—2 കൊരി. 5:20:

2 കൊരി. 5:20 അങ്ങനെ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികൾ ആകുന്നു, ഞങ്ങൾ മുഖാന്തരം ദൈവം നിങ്ങളോട് അപേക്ഷിക്കുന്നതുപോലെ, ദൈവത്തോട് നിരന്നുകൊള്ളുവിൻ എന്ന് ക്രിസ്തുവിനു പകരം ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു.

a. പുനരുത്ഥാന ജീവനിൽ നാം ക്രിസ്തുവിന് ജീവിക്കുക എന്ന ഉദ്ദേശ്യത്തിനായി അവൻ നാം എന്ന വ്യക്തികൾക്കുവേണ്ടി മരിച്ചു—വാ. 14-15.

2 കൊരി. 5:14 ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും,

2 കൊരി. 5:15 ജീവിക്കുന്നവർ ഇനി തങ്ങൾക്കുതന്നെയല്ല, തങ്ങൾക്കുവേണ്ടി മരിച്ചിട്ട് ഉയിർപ്പിക്കപ്പെട്ടവന് ജീവിക്കേണ്ടതിനത്രേ അവൻ എല്ലാവർക്കും വേണ്ടി മരിച്ചതെന്നും ഞങ്ങൾ തീർപ്പുവരുത്തിയിരിക്കുന്നു.

b. പാപത്തെ ന്യായംവിധിക്കുവാനും ഇല്ലാതാക്കുവാനുംവേണ്ടി ക്രിസ്തു നമുക്കു പകരം പാപമാക്കപ്പെട്ടു—വാ. 21; റോമ. 8:3.

2 കൊരി. 5:21 പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി.

റോമ. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

E. നാം നിരപ്പിന്റെ ശുശ്രൂഷ നിർവഹിക്കണമെങ്കിൽ, ക്രൂശിക്കപ്പെട്ട ക്രിസ്തുവുമായി നാം ഏകീഭവിക്കേണ്ടതാവശ്യമാണ്—2 കൊരി. 4:10-12; 5:14; ഗലാ. 2:20; 5:24.

2 കൊരി. 4:10 യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു.

2 കൊരി. 4:11 യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു.

2 കൊരി. 4:12 ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ

ജീവനും.

2 കൊരി. 5:14 ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും,

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

ഗലാ. 5:24 എന്നാൽ ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ അഭിനിവേശങ്ങളോടും മോഹങ്ങളോടും കൂടെ, ക്രൂശിച്ചിരിക്കുന്നു.

F. കൊരിന്ത്യർ അപ്പോഴും ജഡത്തിൽ, അതായത്, ദേഹിയിൽ, പുറത്തെ മനുഷ്യനിൽ, സ്വാഭാവിക ആളത്തത്തിൽ, ജീവിച്ചു—1 കൊരി. 3:1; 2:14:

1 കൊരി. 3:1 സഹോദരന്മാരേ, എനിക്ക് നിങ്ങളോട് ആത്മികന്മാരോട് എന്ന പോലെയല്ല, ജഡമയരോട് എന്നപോലെ, ക്രിസ്തുവിൽ ശിശുക്കളോട് എന്ന പോലെയത്രേ സംസാരിക്കുവാൻ കഴിഞ്ഞത്.

1 കൊരി. 2:14 എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ കാര്യങ്ങൾ സ്വീകരിക്കുന്നില്ല, എന്തെന്നാൽ അവ അവന് മൂഢത്തം ആകുന്നു, അവ ആത്മികമായി വിവേചിക്കപ്പെടുന്നതിനാൽ അവയെ അറിയുവാൻ അവന് കഴിയുന്നതുമില്ല.

1. ജഡമെന്ന തിരശീല, സ്വാഭാവിക മനുഷ്യൻ, അവരെ ദൈവത്തിൽനിന്ന് വേർപെടുത്തി.
2. കൊരിന്തിലുള്ള വിശ്വാസികൾക്ക് അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുവാൻ കഴിയത്തക്കവണ്ണം ജഡമെന്ന വേർതിരിക്കുന്ന തിരശീല മുറിച്ചുമാറ്റുവാൻ പൗലൊസ് പ്രവർത്തിക്കുകയായിരുന്നു—എബ്രാ. 10:19-20.

എബ്രാ. 10:19 അതുകൊണ്ട് സഹോദരന്മാരേ, യേശുവിന്റെ രക്തത്തിൽ അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുവാൻ ധൈര്യം ഉള്ളതുകൊണ്ടും,

എബ്രാ. 10:20 ആ പ്രവേശനം തന്റെ ജഡം എന്ന തിരശ്ശീലയിലൂടെ പുതിയതും ജീവനുള്ളതുമായ വഴിയായി, നമുക്കുവേണ്ടി അവൻ പ്രാരംഭിച്ച്,

G. നാം ദൈവത്തോട് പൂർണ്ണമായി നിരപ്പിക്കപ്പെടുമ്പോൾ മാത്രമേ നാം പൂർണ്ണമായി രക്ഷിക്കപ്പെടുന്നുള്ളൂ—2 കൊരി. 6:1-2; റോമ. 5:10; എബ്രാ. 7:25.

2 കൊരി. 6:1 അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്, ദൈവത്തിന്റെ കൃപ വ്യർഥമായി പ്രാപിക്കരുതെന്ന് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു;

2 കൊരി. 6:2 "പ്രസാദകാലത്ത് ഞാൻ നിന്നെ ശ്രവിച്ചു, രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു" എന്ന് അവൻ അരുളിച്ചെയ്യുന്നു. ഇതാ, ഇപ്പോഴാകുന്നു സുപ്രസാദകാലം; ഇതാ, ഇപ്പോഴാകുന്നു രക്ഷാദിവസം.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

എബ്രാ. 7:25 അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നു വരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു.

H. നമുക്ക് മറ്റുള്ളവരെ ദൈവത്തിന്റെ അടുക്കലും ദൈവത്തിനുള്ളിലേക്കും കൊണ്ടുവരാൻ കഴിയുന്ന അളവ് എപ്പോഴും അളക്കപ്പെടുന്നത് ദൈവത്തോടുള്ള ബന്ധത്തിൽ നാം എവിടെയാകുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ്; നാം എത്രത്തോളം അവനിലായിരിക്കുന്നുവോ അത്രത്തോളം നമുക്ക് മറ്റുള്ളവരെ അവനിലേക്ക് നിരപ്പിക്കുവാൻ കഴിയും—2 കൊരി. 12:12; 5:20.

2 കൊരി. 12:12 ഒരു അപ്പൊസ്തലന്റെ അടയാളങ്ങൾ തീർച്ചയായും സകല സഹിഷ്ണുതയിൽ അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ പുറപ്പെടുവിച്ചിരുന്നു.

2 കൊരി. 5:20 അങ്ങനെ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികൾ ആകുന്നു, ഞങ്ങൾ മുഖാന്തരം ദൈവം നിങ്ങളോട് അപേക്ഷിക്കുന്നതുപോലെ, ദൈവത്തോട് നിരന്നുകൊള്ളുവിൻ എന്ന് ക്രിസ്തുവിനു പകരം ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു.

**III. നാം ക്രിസ്തുവിൽ ദൈവത്തിന്റെ നീതിയായിത്തീരുന്ന അളവോളം നിരപ്പിന്റെ ശുശ്രൂഷ നമ്മെ ദൈവത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നു—വാ. 21:**

2 കൊരി. 5:21 പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി.

A. നാം ദൈവത്താൽ നീതീകരിക്കപ്പെടുക മാത്രമല്ല ചെയ്യുന്നത് (ഗലാ. 2:16)—നാം വാസ്തവത്തിൽ ദൈവത്തിന്റെ നീതിയായിത്തീരുന്നു.

ഗലാ. 2:16 ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ അല്ല, യേശു ക്രിസ്തുവിലുള്ള വിശ്വാസത്താലത്രേ ഒരു മനുഷ്യൻ നീതീകരിക്കപ്പെടുന്നത് എന്നറിഞ്ഞു കൊണ്ട്, നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ അല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ക്രിസ്തു യേശുവിലേക്ക് വിശ്വസിച്ചു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ.

B. നമ്മുടെ പകരക്കാരനായി ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ, ദൈവം അവനെ പാപവാഹകനായി മാത്രമല്ല, പാപം തന്നെയായി കണക്കാക്കി; ഇപ്പോൾ പുനരുത്ഥാനത്തിൽ ക്രിസ്തു ജീവനായി നമ്മിലേക്ക് വരുകയും, ഈ ജീവൻ നമ്മെ ദൈവത്തിന്റെ നീതിയായി സംരചിക്കുവാൻ നമ്മുടെ ഉള്ളിൽ ജീവിക്കുകയും ചെയ്യുന്നു.

C. പകരക്കാരനായി ക്രിസ്തു നമുക്കുവേണ്ടി പാപമാക്കപ്പെട്ടു; ഇപ്പോൾ അവന്റെ സംരചനയിൽ നാം അവനിൽ ദൈവത്തിന്റെ നീതിയായിത്തീരുന്നു—2 കൊരി. 5:21:

2 കൊരി. 5:21 പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി.

1. *അവനിൽ* എന്ന പദപ്രയോഗം അർഥമാക്കുന്നത് സ്ഥാനീയമായി എന്നു മാത്രമല്ല, പുനരുത്ഥാനത്തിൽ ജൈവികമായി ക്രിസ്തുവുമായുള്ള ഐക്യത്തിൽ എന്നുകൂടിയാണ്.

2. നാം ദൈവത്തിന്റെ നീതിയാകേണ്ടതിന് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ അവനോട് നാം ഒന്നായിരിക്കത്തക്കവണ്ണം, ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ ദൈവം അവനെ ജഡത്തിൽ നമുക്കുവേണ്ടി പാപമായി ശിക്ഷവിധിച്ചു (റോമ. 8:3; യോഹ. 3:14); അതുകൊണ്ട്, ക്രിസ്തുവുമായുള്ള ജൈവിക ഐക്യത്തിൽ നാം ദൈവത്തിന്റെ നീതിയാക്കപ്പെട്ടു.

റോമ. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

യോഹ. 3:14 മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനും ഉയർത്തപ്പെടേണം,

D. ക്രിസ്തുവിൽ ദൈവത്തിന്റെ നീതിയായിത്തീരുന്നത് നമ്മുടെ ആളത്തത്തിൽ ദൈവവുമായി നേരായിരിക്കുന്നതിന്റെ വിഷയമാണ്; ഇത് സുതാര്യവും സ്ഫടിക സ്വച്ഛമായ ഒരു ആന്തരിക ആളത്തം—ദൈവത്തിന്റെ മനസ്സിലും ഇച്ഛയിലുമുള്ള ഒരു ആന്തരിക ആളത്തം—ഉണ്ടായിരിക്കുന്നതാണ്—2 കൊരി. 5:21.

2 കൊരി. 5:21 പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി.

E. 2 കൊരിന്ത്യർ ദൈവവുമായുള്ള വിശ്വാസികളുടെ പൂർണ്ണമായ നിരപ്പിനെയും, ക്രിസ്തുവിനെ നിരപ്പിന്റെ മുഖാന്തരമായും വെളിപ്പെടുത്തുന്നു.

**IV. നിരപ്പിന്റെ രണ്ടു പടികൾ കൂടാരത്തിന്റെ രണ്ട് തിരശീലകളാൽ വ്യക്തമായി ചിത്രീകരിക്കപ്പെടുന്നു—പുറ. 26:31-37; എബ്രാ. 9:3:**

പുറ. 26:31 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടു ഒരു തിരശ്ശീല ഉണ്ടാക്കേണം; നെയ്ത്തുകാരന്റെ ചിത്രപ്പണിയായ കെരൂബുകളുള്ളതായി അതിനെ ഉണ്ടാക്കേണം.

പുറ. 26:32 പൊന്നു പൊതിഞ്ഞതും പൊൻകൊളുത്തുള്ളതും വെള്ളികൊണ്ടുള്ള നാലു ചുവടിന്മേൽ നില്ക്കുന്നതുമായ നാലു ഖദിരസ്തംഭങ്ങളിന്മേൽ അതു തൂക്കിയിടേണം.

പുറ. 26:33 കൊളുത്തുകളിൽ തിരശ്ശീല തൂക്കി സാക്ഷ്യപ്പെട്ടകം തിരശ്ശീലെക്കകത്തു കൊണ്ടുചെന്നു വെക്കേണം; തിരശ്ശീല വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും തമ്മിൽ വേർതിരിക്കുന്നതായിരിക്കേണം.

പുറ. 26:34 അതിവിശുദ്ധസ്ഥലത്തു സാക്ഷ്യപ്പെട്ടകത്തിൻമീതെ പ്രായശ്ചിത്ത മൂടി വെക്കേണം.

പുറ. 26:35 തിരശ്ശീലയുടെ പുറമെ മേശയും മേശക്കു എതിരെ തിരുനിവാസത്തിന്റെ തെക്കുഭാഗത്തു നിലവിളക്കും വെക്കേണം; മേശ വടക്കുഭാഗത്തു വെക്കേണം.

പുറ. 26:36 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടു ചിത്രത്തയ്യൽപണിയായ ഒരു മറയും കൂടാരത്തിന്റെ വാതിലിന്നു ഉണ്ടാക്കേണം.

പുറ. 26:37 മറശ്ശീലെക്കു ഖദിരമരംകൊണ്ടു അഞ്ചു തൂണുണ്ടാക്കി പൊന്നുകൊണ്ടു പൊതിയേണം. അവയുടെ കൊളുത്തു പൊന്നുകൊണ്ടു ആയിരിക്കേണം; അവെക്കു താമ്രംകൊണ്ടു അഞ്ചു ചുവടും വാർപ്പിക്കേണം.

എബ്രാ. 9:3 രണ്ടാം തിരശ്ശീലക്കു ശേഷം, അതിവിശുദ്ധം എന്നു വിളിക്കുന്ന കൂടാരമുണ്ട്,

A. രണ്ട് തിരശീലകളും നിസ്തുലനായ ക്രിസ്തുവിനെ—നമ്മുടെ പാപങ്ങൾക്കു വേണ്ടിയും നമുക്കു വേണ്ടിയും മരിച്ച ക്രിസ്തുവിനെ—സൂചിപ്പിക്കുന്നു.

B. ഒന്നാമത്തെ തിരശീലയെ ഒരു "മറ" എന്ന് വിളിക്കുന്നു—പുറ. 26:36-37:

പുറ. 26:36 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടു ചിത്രത്തയ്യൽപണിയായ ഒരു മറയും കൂടാരത്തിന്റെ വാതിലിന്നു ഉണ്ടാക്കേണം.

പുറ. 26:37 മറശ്ശീലെക്കു ഖദിരമരംകൊണ്ടു അഞ്ചു തൂണുണ്ടാക്കി പൊന്നുകൊണ്ടു പൊതിയേണം. അവയുടെ കൊളുത്തു പൊന്നുകൊണ്ടു ആയിരിക്കേണം; അവെക്കു താമ്രംകൊണ്ടു അഞ്ചു ചുവടും വാർപ്പിക്കേണം.

1. അനുനയിപ്പിക്കുന്ന രക്തത്തിന്റെ നിരപ്പിലൂടെ ദൈവത്തിന്റെ അടുക്കൽ കൊണ്ടുവരപ്പെട്ട ഒരു പാപി മറയിലൂടെ കടന്നുപോകുന്നതിലൂടെ വിശുദ്ധസ്ഥലത്തിലേക്ക് പ്രവേശിച്ചു.
2. ഇത് നിരപ്പിന്റെ ഒന്നാമത്തെ പടിയെ മുൻകുറിക്കുന്നു.

C. രണ്ടാമത്തെ തിരശീല (വാ. 31-35; എബ്രാ. 9:3) അതിവിശുദ്ധസ്ഥലത്തായിരുന്ന ദൈവത്തിൽനിന്ന് അപ്പോഴും പാപിയെ വേർപെടുത്തി:

പുറ. 26:31 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടു ഒരു തിരശ്ശീല ഉണ്ടാക്കേണം; നെയ്ത്തുകാരന്റെ ചിത്രപ്പണിയായ കെരൂബുകളുള്ളതായി അതിനെ ഉണ്ടാക്കേണം.

പുറ. 26:32 പൊന്നു പൊതിഞ്ഞതും പൊൻകൊളുത്തുള്ളതും വെള്ളികൊണ്ടുള്ള നാലു ചുവടിന്മേൽ നില്ക്കുന്നതുമായ നാലു ഖദിരസ്തംഭങ്ങളിന്മേൽ അതു തൂക്കിയിടേണം.

പുറ. 26:33 കൊളുത്തുകളിൽ തിരശ്ശീല തൂക്കി സാക്ഷ്യപ്പെട്ടകം തിരശ്ശീലെക്കകത്തു കൊണ്ടുചെന്നു വെക്കേണം; തിരശ്ശീല വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും തമ്മിൽ വേർതിരിക്കുന്നതായിരിക്കേണം.

പുറ. 26:34 അതിവിശുദ്ധസ്ഥലത്തു സാക്ഷ്യപ്പെട്ടകത്തിൻമീതെ പ്രായശ്ചിത്ത മൂടി വെക്കേണം.

പുറ. 26:35 തിരശ്ശീലയുടെ പുറമെ മേശയും മേശക്കു എതിരെ

തിരുനിവാസത്തിന്റെ തെക്കുഭാഗത്തു നിലവിളക്കും വെക്കേണം; മേശ വടക്കുഭാഗത്തു വെക്കേണം.

എബ്രാ. 9:3 രണ്ടാം തിരശ്ശീലക്കു ശേഷം, അതിവിശുദ്ധം എന്നു വിളിക്കുന്ന കൂടാരമുണ്ട്,

1. അതിവിശുദ്ധസ്ഥലത്ത് ദൈവത്തിന്റെ അടുക്കലേക്ക് പാപി കൊണ്ടുവരപ്പെടത്തക്കവണ്ണം ഈ തിരശീല ചീന്തപ്പെടണമായിരുന്നു—മത്താ. 27:51; എബ്രാ. 10:19-20.

മത്താ. 27:51 ഇതാ, ആലയത്തിന്റെ തിരശ്ശീല മേൽതൊട്ട് താഴെവരെ രണ്ടായി പിളർക്കപ്പെടുകയും, ഭൂമി കുലുങ്ങുകയും പാറകൾ പിളർക്കപ്പെടുകയും ചെയ്തു.

എബ്രാ. 10:19 അതുകൊണ്ട് സഹോദരന്മാരേ, യേശുവിന്റെ രക്തത്തിൽ അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുവാൻ ധൈര്യം ഉള്ളതുകൊണ്ടും,

എബ്രാ. 10:20 ആ പ്രവേശനം തന്റെ ജഡം എന്ന തിരശ്ശീലയിലൂടെ പുതിയതും ജീവനുള്ളതുമായ വഴിയായി, നമുക്കുവേണ്ടി അവൻ പ്രാരംഭിച്ച്,

2. ഇത് നിരപ്പിന്റെ രണ്ടാമത്തെ പടിയെ മുൻകുറിക്കുന്നു.

**V. ദൈവത്തോട് പൂർണ്ണമായി നിരപ്പിക്കപ്പെടുന്നത് നമ്മുടെ ഹൃദയങ്ങളിൽ വിശാലതയുള്ളവരായിരിക്കുവാൻ ഇടയാക്കും—2 കൊരി. 5:20; 6:11-13:**

2 കൊരി. 5:20 അങ്ങനെ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികൾ ആകുന്നു, ഞങ്ങൾ മുഖാന്തരം ദൈവം നിങ്ങളോട് അപേക്ഷിക്കുന്നതുപോലെ, ദൈവത്തോട് നിരന്നുകൊള്ളുവിൻ എന്ന് ക്രിസ്തുവിനു പകരം ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു.

2 കൊരി. 6:11 കൊരിന്ത്യരേ, ഞങ്ങളുടെ വായ് നിങ്ങൾക്ക് തുറന്നിരിക്കുന്നു; ഞങ്ങളുടെ ഹൃദയം വിശാലമായിരിക്കുന്നു.

2 കൊരി. 6:12 നിങ്ങൾ ഞങ്ങളിൽ ഞെരുങ്ങിയിരിക്കുന്നില്ല, എന്നാൽ നിങ്ങളുടെ അന്തർഭാഗങ്ങളിൽ നിങ്ങൾ ഞെരുങ്ങിയിരിക്കുന്നു.

2 കൊരി. 6:13 എന്നാൽ ഇങ്ങനെയുള്ള പാരിതോഷികത്തിനായി, നിങ്ങളും വിശാലതയുള്ളവരാകുവിൻ എന്ന് ഞാൻ കുഞ്ഞുങ്ങളോടെന്നപോലെ സംസാരിക്കുന്നു.

A. നമ്മുടെ ഹൃദയം എത്ര വിശാലമാണെന്നത് ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ അളവിനെ ആശ്രയിച്ചിരിക്കുന്നു.

B. ഹൃദയത്തിന്റെ ഇടുക്കം നാം ദൈവത്തോട് ഭാഗികമായി മാത്രമേ നിരപ്പിക്കപ്പെട്ടിട്ടുള്ളൂ എന്നതിന്റെയും, നമ്മുടെ രക്ഷയുടെ ശതമാനം വളരെ കുറവാണെന്നതിന്റെയും ശക്തമായ ഒരു സൂചനയാണ്—വാ. 2; റോമ. 5:10.

2 കൊരി. 6:2 "പ്രസാദകാലത്ത് ഞാൻ നിന്നെ ശ്രവിച്ചു, രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു" എന്ന് അവൻ അരുളിച്ചെയ്യുന്നു. ഇതാ, ഇപ്പോഴാകുന്നു സുപ്രസാദകാലം; ഇതാ, ഇപ്പോഴാകുന്നു രക്ഷാദിവസം.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

C. ഒരു കുറ്റം ക്ഷമിക്കുവാനും എന്നിട്ട് അത് മറക്കുവാനും നമുക്ക് സാധിക്കുന്നുവെങ്കിൽ, അത് നാം ഒരു വിശാലനായ വ്യക്തിയായിത്തീർന്നിരിക്കുന്നു, വലിയൊരു ഹൃദയമുള്ള വ്യക്തിയായിത്തീർന്നിരിക്കുന്നു എന്നതിന്റെ അടയാളമാണ്—മത്താ. 18:21-35; എഫെ. 5:21; കൊലൊ. 3:13.

മത്താ. 18:21 അപ്പോൾ പത്രൊസ് അടുക്കൽവന്ന് അവനോട്, കർത്താവേ, എന്റെ സഹോദരൻ എത്രവട്ടം എനിക്കെതിരെ പാപം ചെയ്യുകയും ഞാൻ അവനോടു ക്ഷമിക്കുകയും ചെയ്യും? ഏഴു വട്ടം വരെയോ? എന്നു ചോദിച്ചു.

മത്താ. 18:22 യേശു അവനോടു പറഞ്ഞു, ഏഴുവട്ടം വരെ എന്നല്ല, ഏഴ് എഴുപതുവട്ടം വരെ എന്നത്രേ ഞാൻ നിന്നോടു പറയുന്നത്.

മത്താ. 18:23 ഇക്കാരണത്താൽ സ്വർഗരാജ്യം തന്റെ അടിമകളുമായി കണക്കുതീർക്കുവാൻ ആഗ്രഹിച്ച രാജാവിനോടു സദൃശമായി തീർന്നിരിക്കുന്നു.

മത്താ. 18:24 അവൻ കണക്കു തീർക്കുവാൻ തുടങ്ങിയപ്പോൾ പതിനായിരം താലന്ത് കടക്കാരനായ ഒരുവനെ അവന്റെ അടുക്കൽ കൊണ്ടുവന്നു.

മത്താ. 18:25 എന്നാൽ അവനു മടക്കിക്കൊടുക്കുവാൻ വകയില്ലാത്തതുകൊണ്ട്, യജമാനൻ അവനെയും അവന്റെ ഭാര്യയെയും മക്കളെയും അവനുള്ളതൊക്കെയും വിറ്റു മടക്കിത്തരുവാൻ കൽപ്പിച്ചു.

മത്താ. 18:26 അപ്പോൾ ആ അടിമ, എന്നോടു ക്ഷമ കാണിക്കേണമേ; ഞാൻ സകലവും നിനക്കു തിരികെ നൽകിക്കൊള്ളാം എന്നു പറഞ്ഞുകൊണ്ട് വീണു അവനെ ആരാധിച്ചു.

മത്താ. 18:27 ആ അടിമയുടെ യജമാനനു മനസ്സലിവുണ്ടായിട്ട് അവനെ വിട്ടയച്ചു, കടത്തെ അവനോടു ക്ഷമിക്കുകയും ചെയ്തു.

മത്താ. 18:28 എന്നാൽ ആ അടിമ പുറത്തു പോയി തന്നോട് നൂറു ദെനാറിയ കടപ്പെട്ടിരുന്ന തന്റെ കൂട്ടടിമകളിൽ ഒരുവനെ കണ്ടെത്തി അവനെ പിടിച്ചു, നീ കടപ്പെട്ടിരിക്കുന്നത് എനിക്കു തിരികെ നൽകുക എന്നു പറഞ്ഞുകൊണ്ട് അവന്റെ കഴുത്തു ഞെരുക്കുവാൻ തുടങ്ങി.

മത്താ. 18:29 അപ്പോൾ അവന്റെ കൂട്ടടിമ, എന്നോട് ക്ഷമ കാണിക്കേണമേ, ഞാൻ സകലതും തിരികെ നൽകിക്കൊള്ളാം എന്നു പറഞ്ഞുകൊണ്ട് വീണ് അവനോടു യാചിച്ചു.

മത്താ. 18:30 എന്നാൽ അവൻ ക്ഷമ കാണിച്ചില്ല; പകരം, അവൻ പോയി, കടപ്പെട്ടിരുന്നത് തിരികെ നൽകുവോളം അവനെ കാരാഗൃഹത്തിലേക്ക് എറിഞ്ഞു.

മത്താ. 18:31 നടന്നതു കണ്ടിട്ട്, അവന്റെ കൂട്ടടിമകൾ അത്യന്തം ദുഃഖിച്ച്, വന്ന് തങ്ങളുടെ യജമാനനോടു നടന്നതെല്ലാം വിവരിച്ചുപറഞ്ഞു.

മത്താ. 18:32 അപ്പോൾ അവന്റെ യജമാനൻ അവനെ തന്റെ അടുക്കൽ വിളിച്ച് അവനോടു പറഞ്ഞു, ദുഷ്ട അടിമയേ, എന്നോടു നീ യാചിച്ചതുകൊണ്ട് ആ കടമെല്ലാം ഞാൻ നിന്നോടു ക്ഷമിച്ചു.

മത്താ. 18:33 എനിക്കു നിന്നോടു കരുണയുണ്ടായതുപോലെ നിനക്കും നിന്റെ കൂട്ടടിമയോടു കരുണയുണ്ടാകേണ്ടതല്ലയോ?

മത്താ. 18:34 അവന്റെ യജമാനനോ കോപിച്ചിട്ട് കടപ്പെട്ടിരുന്നതെല്ലാം അവൻ മടക്കിത്തരും വരെ ദണ്ഡിപ്പിക്കുന്നവർക്ക് അവനെ

ഏൽപ്പിച്ചു.

മത്താ. 18:35 നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ ഹൃദയങ്ങളിൽനിന്ന് തന്റെ സഹോദരനോട് ക്ഷമിച്ചില്ല എങ്കിൽ ഇങ്ങനെതന്നെ എന്റെ സ്വർഗീയ പിതാവ് നിങ്ങളോടും ചെയ്യും.

എഫെ. 5:21 ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെടുവിൻ:

കൊലൊ. 3:13 ആർക്കെങ്കിലും എതിരായി ഒരുവന് പരാതിയുണ്ടെങ്കിൽ, അന്യോന്യം വഹിക്കുകയും അന്യോന്യം ക്ഷമിക്കുകയും ചെയ്യുവിൻ; കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും അങ്ങനെതന്നെ ക്ഷമിക്കണം.

D. ഹൃദയത്തിന്റെ ഇടുക്കവും ഹൃദയത്തിന്റെ വിശാലതയും തമ്മിലുള്ള വ്യത്യാസം നമ്മിൽ മതിപ്പുളവാക്കണം.

## VI. നിരപ്പിന്റെ ഫലങ്ങൾ ഇവയാണ്:

A. ദൈവത്തോട് സമാധാനം ഉണ്ടായിരിക്കുന്നു:

1. ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ ഒന്നാമത്തെ ഫലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ടായിരിക്കും എന്നതാണ്—റോമ. 5:1.

   റോമ. 5:1 അതുകൊണ്ട് വിശ്വാസത്തിൽ നിന്ന് നീതീകരിക്കപ്പെട്ടിട്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്,

2. നാം ദൈവത്തോട് നിരപ്പിക്കപ്പെടുകയും ദൈവത്തോട് സമാധാനം ഉണ്ടായിരിക്കുകയും ചെയ്യുന്നതിനാൽ നാം സമാധാനത്തിന്റെ മാർഗത്തിൽ നടക്കുന്നു; ഇത് ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ ഒരു ഫലമാണ്.

B. ദൈവത്തിൽ പ്രശംസിക്കുന്നു:

1. ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ ഫലമായി, നമുക്ക് ദൈവത്തിൽ പ്രശംസിക്കുവാൻ കഴിയും—വാ. 11.

   റോമ. 5:11 മാത്രമല്ല, ഇപ്പോൾ നാം നിരപ്പ് പ്രാപിക്കുവാൻ മുഖാന്തരമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം, ദൈവത്തിൽ പ്രശംസിച്ചുകൊണ്ടുമത്രേ.

2. കർത്താവായ യേശു ക്രിസ്തു മുഖാന്തരം നാം ദൈവത്തോട് നിരപ്പുപ്രാപിച്ചിരിക്കുന്നതിനാൽ നാം ദൈവത്തിൽ പ്രശംസിക്കുകയും, ഉല്ലസിക്കുകയും, മഹിമപ്പെടുകയും ചെയ്യുന്നു.

3. ദൈവതേജസ്സിന്റെ പ്രത്യാശയിലും നാം പ്രശംസിക്കുന്നു—വാ. 2.

   റോമ. 5:2 നാം നിൽക്കുന്ന ഈ കൃപയിലേക്ക്, അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുകയും, ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം പ്രശംസിക്കുകയും ചെയ്യുന്നു.

4. ഇതും ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ ഒരു ഫലമാണ്.

C. അവന്റെ ജീവനിൽ രക്ഷിക്കപ്പെടുന്നു:

1. ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ ഫലമായി, നാം അവന്റെ ജീവനിൽ രക്ഷിക്കപ്പെടുന്നു—വാ. 10.

   റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ,

നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

2. ജീവനിലുള്ള ഈ രക്ഷയും ദൈവത്തോടുള്ള നമ്മുടെ നിരപ്പിന്റെ ഒരു ഫലമാണ്.

**VII.നിരപ്പിന്റെ ശുശ്രൂഷയിലൂടെ, ക്രിസ്തുവിൽ, വിശാലവും സാർവത്രികവുമായ, ദിവ്യ-മാനുഷ്യ സംയോജനമായിത്തീരുവാൻ പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിലേക്ക് നാം സംയോജിപ്പിക്കപ്പെടുന്നു; തൽഫലമായി, നാം ദൈവത്തിന്റെ വിശുദ്ധമന്ദിരം, അവന്റെ വാസസ്ഥലം, അവന്റെ അതിവിശുദ്ധസ്ഥലം—പുതിയ യെരുശലേം—ആയിത്തീരുന്നു—യോഹ. 14:20, 23; വെളി. 21:2, 10, 16.**

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:16 നഗരം സമചതുരമായി കിടക്കുന്നു, അതിന്റെ നീളം വീതിയോളം തന്നെ വലുതാകുന്നു. അവൻ നഗരത്തെ കോൽകൊണ്ട് പന്ത്രണ്ടായിരം സ്റ്റഡിയ നീളം അളന്നു; അതിന്റെ നീളവും വീതിയും ഉയരവും സമം തന്നെ.

## ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:

### നാം അവന്റെ സ്ഥാനപതികളായിത്തീരുന്നു

2 കൊരിന്ത്യർ 5:20-ൽ പൗലൊസ് പറയുന്നു: "അങ്ങനെ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികൾ ആകുന്നു; ഞങ്ങൾ മുഖാന്തരം ദൈവം നിങ്ങളോട് അപേക്ഷിക്കുന്നതുപോലെ ദൈവത്തോട് നിരന്നുകൊള്ളുവിൻ എന്ന് ക്രിസ്തുവിനു പകരം ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു." ഈ വാക്യമനുസരിച്ച്, ക്രിസ്തുവിന്റെ സ്ഥാനപതികൾ ദൈവവുമായി ഒന്നാകുന്നു; അവർ ദൈവത്തെപ്പോലെയാണ്, അവർ ദൈവത്തെപ്പോലെ അപേക്ഷിക്കുന്നു. അവരുടെ വാക്ക് ദൈവത്തിന്റെ വചനമാണ്, അവർ ചെയ്യുന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. കൂടാതെ, *ക്രിസ്തുവിനു പകരം* എന്ന പദപ്രയോഗത്തിന്റെ അർഥം "ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു" എന്നാണ്. ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നവരെന്ന നിലയിൽ, അപ്പൊസ്തലന്മാർ നിരപ്പിന്റെ വേല ചെയ്യുന്ന ക്രിസ്തുവിന്റെ സ്ഥാനപതികളായിരുന്നു. ഒരു സ്ഥാനപതി തന്റെ ഗവൺമെന്റിനെ പ്രതിനിധീകരിക്കുവാൻ അധികാരപ്പെടുത്തിയ

വ്യക്തിയായിരിക്കുന്നതുപോലെ, നിരപ്പിന്റെ വേല ചെയ്യുന്നതിന് അവനെ പ്രതിനിധീകരിക്കുവാൻ അപ്പൊസ്തലന്മാരെ ക്രിസ്തു അധികാരപ്പെടുത്തി. അവർ ക്രിസ്തുവിനോട് ഒന്നായിരുന്നു, ദൈവത്തോടും ഒന്നായിരുന്നു; ക്രിസ്തു അവരോട് ഒന്നായിരുന്നു, ദൈവവും അവരോട് ഒന്നായിരുന്നു. നിരപ്പിന്റെ ശുശ്രൂഷ നിർവഹിക്കുന്നതിൽ ദൈവവും ക്രിസ്തുവും അപ്പൊസ്തലന്മാരും ഒന്നായിരുന്നു.

ക്രിസ്തുവിന്റെ ഒരു സ്ഥാനപതി പ്രപഞ്ചത്തിലെ ഏറ്റവും ഉയർന്ന അധികാരിയായ ദൈവത്തെ പ്രതിനിധീകരിക്കുന്ന ഒരുവനാണ്. സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും ദൈവം ക്രിസ്തുവിന് നൽകിയിരിക്കുന്നു (മത്താ. 28:18). ദൈവം ക്രിസ്തുവിനെ എല്ലാവരുടെയും കർത്താവായും രാജാധിരാജാവായും കർത്താധികർത്താവായും നിയമിച്ചിരിക്കുന്നു (പ്രവൃ. 2:36; 10:36; 1 തിമൊ. 6:15; വെളി. 17:14; 19:16). ഇന്ന് യേശു ക്രിസ്തുവും, എല്ലാവരുടെയും കർത്താവും, ഏറ്റവും ഉയർന്ന അധികാരിയുമാണ്. തന്നെ പ്രതിനിധീകരിക്കുവാൻ യോഗ്യരായ ചില സ്ഥാനപതികളെ ഭൂമിയിൽ കർത്താവിന് ആവശ്യമുണ്ട് (മത്താ. 28:19). ഏറ്റവും ഉയർന്ന അധികാരി തലയായ ക്രിസ്തുവാണ്; ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ നാം തലയുടെ പ്രതിനിധികൾ, അവന്റെ സ്ഥാനപതികൾ, ആയിരിക്കണം.

2 കൊരിന്ത്യർ 5:20 അനുസരിച്ച്, ദൈവവുമായി പൂർണ്ണമായി നിരപ്പിക്കപ്പെട്ടിരുന്ന പൗലൊസും അവന്റെ കൂട്ടുവേലക്കാരും ക്രിസ്തുവിന്റെ സ്ഥാനപതികളായിരുന്നു. പൗലൊസ് *സ്ഥാനപതികൾ* എന്ന പദം ഉപയോഗിച്ചത്, ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനായി ക്രിസ്തുവിനെ പ്രതിനിധീകരിക്കുവാൻ അപ്പൊസ്തലന്മാർക്ക് ഒരു നിശ്ചിത ശുശ്രൂഷ നിയോഗിക്കപ്പെട്ടിരുന്നുവെന്ന് സൂചിപ്പിക്കുന്നു. അവർ നിരപ്പിന്റെ രണ്ട് പടികളും അനുഭവിച്ചിരുന്നു, അതിനാൽ അവർ അതിവിശുദ്ധസ്ഥലത്തായിരുന്നു. പിന്നീട് അവർ മറ്റുള്ളവരെ പുറത്തെ പ്രാകാരത്തിൽനിന്ന് സമാഗമന കൂടാരത്തിലേക്ക് കൊണ്ടുവരാൻ മാത്രമല്ല, വിശുദ്ധസ്ഥലത്തുനിന്ന് അതിവിശുദ്ധസ്ഥലത്തേക്ക് കൊണ്ടുവരാനും ശ്രമിച്ചു.

രണ്ട് പടികളിലൂടെയും ദൈവത്തോട് പൂർണ്ണമായി നിരപ്പിക്കപ്പെട്ടവർക്ക് മാത്രമേ ക്രിസ്തുവിന്റെ സ്ഥാനപതികളായിരിക്കുവാൻ കഴിയുകയുള്ളൂ. ക്രിസ്തുവിന്റെ സ്ഥാനപതികൾ രണ്ടാമത്തെ തിരശ്ശീലയിലൂടെ കടന്ന് അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിച്ചവരാണ്, അവിടെ അവർ ദൈവവുമായി ഒന്നായിരിക്കുവാൻ കൃപയുടെ സിംഹാസനത്തിലേക്ക് മുന്നോട്ട് വരുന്നു (എബ്രാ. 4:16). അവർ ദൈവവുമായി ഒന്നായതുകൊണ്ട് തന്റെ സ്ഥാനപതികളായി ദൈവത്താൽ അയയ്ക്കപ്പെടുവാൻ അവർ യോഗ്യരാണ്. രണ്ട് തിരശ്ശീലകളിലൂടെയും കടന്നുപോയവനും, ദൈവത്തോട് പൂർണ്ണമായി നിരപ്പിക്കപ്പെട്ടവനും, അങ്ങനെ ദൈവവുമായി പൂർണ്ണമായും ഒന്നായവനുമായ ഒരുവനു മാത്രമേ ദൈവത്തെ പൂർണ്ണ അധികാരത്തോടെ പ്രതിനിധീകരിക്കുന്ന അവന്റെ സ്ഥാനപതിയായിരിക്കുവാൻ കഴിയുകയുള്ളൂ. അങ്ങനെയുള്ള ഒരു വ്യക്തിക്ക് ഭൂമിയിൽ ദൈവരാജ്യത്തോടു ബന്ധപ്പെട്ട എല്ലാ കാര്യങ്ങളോടും ഇടപെടുവാൻ ദൈവം പൂർണ്ണമായി അധികാരപ്പെടുത്തിയിരിക്കുന്നു. നമുക്ക് അവന്റെ സ്ഥാനപതികളായിത്തീരുവാൻ കഴിയുന്ന തരത്തിൽ നിരപ്പിന്റെ മാർഗമായി നാം ക്രിസ്തുവിനെ പൂർണ്ണമായി അനുഭവിക്കുകയും ആസ്വദിക്കുകയും വേണം. (പുതിയനിയമത്തിന്റെ ഉപസംഹാരം, പേജ് 3226-3227)